നം.കെ.എസ്.എ-കെ.ടി.എം.പി.6/917/2017 തീയതി : 19.06.2017

## കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.16 മുതൽ 31.5.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

### എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.06.2017 മുതൽ 12.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ.രതീഷ് സി.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സ്മിത ജി.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഷീല വി.ആർ., ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ശകുന്തള (1.4.16 മുതൽ 31.03.17 വരെ) |
| സെക്രട്ടറി | ശ്രീ.സി.ആർ.പ്രസാദ് (1.4.16 മുതൽ 14.07.16 വരെ)<br>ശ്രീ.എം.പി.ചന്ദ്രബാനു (സെക്രട്ടറി ഇൻ ചാർജ്ജ്) (15.7.16 മുതൽ 23.12.16 വരെ)<br>ശ്രീ.എസ്.രാജസേനൻ നായർ(24.12.16 മുതൽ 4.02.17 വരെ)<br>ശ്രീമതി ഷേർളി ഗോപാൽ(5.2.17 മുതൽ 31.03.17 വരെ) |

### മറ്റു നിർവഹണോദ്യോഗസ്ഥർ

| | |
|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.പി.ചന്ദ്രഭാനു (1.4.16 മുതൽ 31.3.17 വരെ) |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി പി.യു.ഭാവന (1.4.16 മുതൽ 31.3.17 വരെ) |
| കൃഷി ഓഫീസർ | ശ്രീ.അനിൽ കെ.ആന്റോ (1.4.16 മുതൽ 31.3.17 വരെ) |
| വെറ്ററിനറി സർജൻ | ശ്രീ.കെ.സി.സന്തോഷ് (1.4.16 മുതൽ 31.3.17 വരെ) |
| വി.ഇ.ഒ. | ശ്രീമതി ആശാ ശ്രീധരൻ (1.4.16 മുതൽ 31.3.17 വരെ) |

| | |
|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി.(1.4.16 മുതൽ 31.3.17 വരെ) |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി അഞ്ജന പി.വി. (1.4.16 മുതൽ 31.3.17 വരെ) |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കെ.ജി.രതിമണി (1.4.16 മുതൽ 31.3.17 വരെ) |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി നിഷാ മോഹൻ(1.4.16 മുതൽ 31.3.17 വരെ) |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ജയന്തി (1.4.16 മുതൽ 31.3.17 വരെ) |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ധന്യ രവി(1.4.16 മുതൽ 31.3.17 വരെ) |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1--പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല |
| 2-3 | വസ്തു നികുതി – അനർഹമായ ഇളവുകൾ കൈപ്പറ്റുന്നു |
| 2-4 | സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-5 | ഇ-ടെൻഡർ – ടെൻഡർ ഫോറവില ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഗുണഭോക്താക്കളുടെ എണ്ണം നിർണ്ണയിക്കാതെ അധിക തുക പിൻവലിച്ചു – മാർഗ്ഗരേഖക്ക് വിരുദ്ധം |
| 3-2 | വിവിധ പ്രോജക്റ്റുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു |
| 3-3 | ഇ.എം.എസ്.ഭവനപദ്ധതി – ഗുണഭോക്താവ് തിരിച്ചടച്ച തുക തനതുഫണ്ടിൽ അവശേഷിക്കുന്നു |
| 3-4 | എം.ജി.എൻ.ആർ.ഇ.ജി.എസ് – തൊഴിലാളികൾക്ക് ഇൻഷ്വറൻസ് – പദ്ധതി നടപ്പിലാക്കിയില്ല – ഈടാക്കിയ തുക തിരികെ നൽകാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-5 | പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല |
| | |

| | |
|---|---|
| 3-6 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ – മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല |
| 3-7 | കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല |
| 3-8 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു |
| 3-9 | വെള്ളക്കരം – സംയുക്ത പരിശോധന നടത്തിയിട്ടില്ല – ഭീമമായ ബാധ്യത |
| 3-10 | ഇ.എം.എസ്.ഭവനപദ്ധതി – അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് |
| 3-11 | എം.ജി.എൻ.ആർ.ഇ.ജി.എസ് – തൊഴിൽ പരിശീലനപദ്ധതി – ലക്ഷ്യം കൈവരിച്ചില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 20,42,120 | 20,42,120 | | |
| വരവ് | 9,92,54,583 | 4,03,23,790 | | 5,89,30,793 |
| ആകെ | 10,12,96,703 | 4,23,65,910 | | 5,89,30,793 |

| | | | | |
|---|---|---|---|---|
| ചെലവ് | 9,96,55,998 | 3,95,90,971 | | 6,00,65,027 |
| നീക്കിയിരിപ്പ് | 16,40,705 | 27,74,939 | 11,34,234 | |

തൻവർഷ ബഡ്ജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

2016-17 വാർഷിക ധനകാര്യപത്രിക 1.6.17ൽ ലഭിച്ചിട്ടുണ്ട്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20,42,120 |
| വരവ് | 4,03,23,790 |
| ആകെ | 4,23,65,910 |
| ചെലവ് | 3,95,90,971 |
| നീക്കിയിരിപ്പ് | 27,74,939 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പിടിച്ചത് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 96,36,586 | 90,59,934 | 5,76,652 |
| വികസന ഫണ്ട്(എസ്.സി.പി) | 42,22,428 | 39,90,746 | 2,31,682 |
| വികസനഫണ്ട്(ടി.എസ്.പി) | 15,687 | 15,687 | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 58,13,166 | 16,14,754 | 41,98,412 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 25,78,980 | 21,34,618 | 44,362 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 54,05,092 | 53,23,492 | 81,600 |
| ലോക ബാങ്ക് സഹായം | 1,42,26,217 | 11,98,892 | 1,30,27,325 |

# 1-6 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 6,46,15,228 | 55 | 2,62,88,285 | 4 | 48 | 51.4 |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2016/DPC/DPO/KTM തീയതി 17.5.2017 പ്രകാരം അംഗീകാരം ലഭിച്ചു.

**പദ്ധതി ആസൂത്രണം**

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 25.2.2016 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 11.06.2016, 14.6.2016 തീയതികളിലും വികസനസെമിനാർ 7.6.16 തീയതിയിലും കൂടിയിട്ടുണ്ട്.

# 1-7 തനത് വരുമാനം

നികുതി/നികുതിയേതര വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,11,517 | 30,47,592 | 10,36,075 | (+)51.50 |
| നികുതിയേതര വരവുകൾ | 5,95,150 | 3,41,461 | (-)2,53,689 | -42.6 |
| ആകെ | 26,06,667 | 33,89,053 | 7,82,386 | (+)30.01 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,50,110 | 374 |
| കർഷകതൊഴിലാളി പെൻഷൻ | 80,38,490 | 897 |
| വിധവാപെൻഷൻ | 49,30,020 | 459 |
| വാർദ്ധക്യകാലപെൻഷൻ | 1,25,09,650 | 1286 |
| വികലാംഗപെൻഷൻ | 22,02,600 | 243 |
| അവിവാഹിത പെൻഷൻ | 3,70,310 | 37 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.06.17 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4711 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നു. വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ ബയന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.5.2017-20.5.2017 | 2016-17 | ----- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2008 മുതൽ | 1997-1998 മുതൽ 2007-2008 വരെ | 13.01.2009 |

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വാർഷിക കണക്കുളുടെ അവലോകനം

2016-17 വർഷത്തെ വാർഷികകണക്കുകൾ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.
2. വസ്തുനികുതിയിനത്തിൽ പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല

താഴെപ്പറയുന്ന നമ്പരിലുള്ള ചെക്ക് കാലാവധി കഴിഞ്ഞിട്ടും പണമാക്കിയിട്ടില്ല. ടി ചെക്ക് "Cheque issued but not presented into Bank" എന്ന രീതിയിൽ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ പുതുക്കാത്ത സാഹചര്യത്തിൽ ചെക്ക് ക്യാൻസൽ ചെയ്ത് തുക അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 1 | 21600499 | 346506/4.11.16 | 200 |
| 2 | 21600195 | 5623/23.6.16 | 500 |
| 3 | 21500831 | 870390/4.2.16 | 2,500 |
| 4 | 21500635 | 701360/8.12.15 | 500 |
| 5 | 21500654 | 870324/8.12.15 | 100 |
| 6 | -- | 363373/31.3.12 | 1,040 |
| 7 | -- | 360707/31.3.12 | 1,500 |

# 2-3 വസ്തുനികുതി- അനർഹമായ ഇളവുകൾ കൈപ്പറ്റുന്നു

ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-207 പ്രകാരം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്കുപുറമേ നികുതിയിളവിന് അർഹതയില്ലാത്ത പല കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടം |
|---|---|---|
| 1 | 1/46A | വികാരി, ഇടയാഴം സെന്റ് ജോസഫ് പള്ളി |
| 2 | 1/51A | എൻ.എസ്.എസ്.കരയോഗം നം.1131 |
| 3 | 5/90 | പ്രസിഡന്റ്, പയനിയർ യൂത്ത് ക്ലബ് |
| 4 | 11/28A | വികാരി, വെച്ചൂർ പള്ളി |
| 5 | 11/131 | ,, |
| 6 | 11/133 | ,, |
| 7 | 11/134 | ,, |
| 8 | 11/412 | ,, |
| 9 | 11/421 | ,, |

ഇത്തരത്തിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അനർഹമായ വസ്തുനികുതി ഇളവുകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

# 2-4 സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | സ്ഥാപനതൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷം | ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | ഇന്ദ്രപ്രസ്ഥം ഫ്യൂൽസ്, ഇടയാഴം | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ക്ഷീരോത്പാദന സഹകരണസംഘം, അംബികാ മാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | എസ്.ബി.റ്റി.വെച്ചൂർ | ഒന്നാം അർദ്ധവർഷം | -- |
| 4 | വൈക്കം അർബൻ സഹകരണസംഘം, ഇടയാഴം | ഒന്നും രണ്ടും അർദ്ധവർഷം | -- |
| 5 | സോപാനം ഫിനാൻസ്, കുടവെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | കൃഷ്ണപ്രിയ ഫിനാൻസ്, ചേരകുളങ്ങര | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | വൈക്കം ഫിനാൻസ്, കുടവെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | റ്റി.എസ്. പട്ടത്താനം | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | റ്റി.എസ്.നം.13 ഇടയാഴം | ഒന്നും രണ്ടും അർദ്ധവർഷം | -- |
| 10 | റ്റി.എസ്.നം.9 കൈപ്പുഴമുട്ട് | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |

| | | | |
|---|---|---|---|
| 11 | റ്റി.എസ്.നം.8 അച്ചിനകം | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | കൊശമറ്റം ഫിനാൻസ്, ഇടയാഴം | ഒന്നാം അർദ്ധവർഷം | -- |
| 13 | എട്ടൊന്നിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 14 | ടിംങ് ടോങ് ഇന്റർനാഷണൽ | -- | ഒന്നാം അർദ്ധവർഷം |
| 15 | ബി.എസ്.എൻ.എൽ. വെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം | ഇല്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ഥാപനങ്ങളിൽനിന്നും കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 14 പ്രകാരം വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ഇ-ടെൻഡർ -ടെൻഡർ ഫോറവില ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ ടെൻഡർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെൻഡർ ഫോം വിലയായി കരാറുകാർ ഒടുക്കിയ തുക എൽ എസ് ജി ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിനൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർ ഫോറവില (വാറ്റുൾപ്പെടെ) |
|---|---|---|---|
| വനിതാ സ്വയം സഹായ സംഘം കെട്ടിട നിർമ്മാണം | 15,00,000 | 7 | 2700 |
| പുതുപ്പള്ളി ചിറ്റാടി റോഡ് രണ്ടാം മെറ്റലിംഗും ടാറിങ്ങും | 5,28,000 | 2 | 1155 |
| ചെറുമല തോട്ടാപ്പള്ളി പുത്തൻപാലം ഹരിജൻ കോളനി റോഡ് റീടാറിങ്ങ് | 5,28,000 | 2 | 1155 |
| ചക്കാല നാട്ട് തൊണ്ട് റോഡ് രണ്ടാം മെറ്റലിംഗും ടാറിങ്ങും | 5,28,000 | 4 | 1155 |
| മത്തുങ്കൽ പട്ടത്താനം റോഡ് രണ്ടാം മെറ്റലിംഗും ടാറിങ്ങും | 5,28,000 | 3 | 1155 |
| കൈപ്പുഴമുട്ട് വലിയവെളിച്ചം മഞ്ചാടിക്കരി റോഡ് നിർമ്മാണം | 70,00,000 | 3 | 2625 |
| കൊട്ടുതുരുത്ത് മറ്റം എസ്.എൻ.ഡി.പി വളച്ചകരി വെച്ചൂർ റോഡ് കലുങ്ക് നിർമ്മാണം | 1,25,00,000 | 5 | 2625 |
| കൊട്ടുതുരുത്ത് മറ്റം എസ്.എൻ.ഡി.പി വളച്ചകരി വെച്ചൂർ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 5,00,000 | 5 | 1050 |
| കൈപ്പുഴമുട്ട് വലിയവെളിച്ചം മഞ്ചാടിക്കരി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 14,91,916 | 6 | 2625 |

മേൽതുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്താക്കളുടെ എണ്ണം നിർണ്ണയിക്കാതെ അധിക തുക പിൻവലിച്ചു -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നം- 58/17 കന്നുകുട്ടിപരിപാലനപദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ഈ പദ്ധതിയിൽ 32 ഗുണഭോക്താക്കളുടെ വിഹിതമായി 2,00,000 രൂപ ബിൽ നം KVP 2/16-17/27.12.16 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ചു. ഇതിൽ നിന്നും 17 ഗുണഭോക്താക്കളുടെ വിഹിതം 1,06,250 രൂപയുടെ ഡിഡി അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന് കൈമാറുകയും ബാക്കി 93,750 രൂപ 15.3.17ൽ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം ശരിയായി പരിഗണിക്കാതെ അധികതുക പിൻവലിക്കാനിടയായ നടപടി മാർഗ്ഗരേഖയുടെ ലംഘനമാണ്. ഈ നടപടിയിലൂടെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന 93,750 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് 100% പദ്ധതിവിഹിതം ചെലവഴിക്കുക എന്ന സദുദ്ദേശത്തോടെയാണ് തുക പിൻവലിച്ചതെന്നും തൻ വർഷം കന്നുകുട്ടിപരിപാലനം പദ്ധതി കൂടാതെ മൃഗസംരക്ഷണവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഗോവർധിനി, കന്നുകുട്ടിപരിപാലനം എന്നീ പദ്ധതികൾ ഉണ്ടായിരുന്നതിനാൽ കിടാരികൾ ഉള്ള പട്ടികജാതി ഗുണഭോക്താക്കളുടെ കുറവ് നേരിട്ടെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. ടി തുകകൾ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തീയതി/തുക | നിലവിലെ ബാലൻസ് |
|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ്-ബയോഗ്യാസ് പ്ലാന്റ് | 10/13 -520800/- | 520800/- |
| ജില്ലാ പഞ്ചായത്ത്-കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 3/13-<br>1500000/- | 201290/- |
| ഹൗസിംഗ് ബോർഡ്-എം.എൻ ലക്ഷംവീട് പദ്ധതി | 5/15-<br>300000/- | 120000/- |

## 3-3 ഇ.എം.എസ് ഭവനപദ്ധതി- ഗുണഭോക്താവ് തിരിച്ചടച്ച തുക തനതുഫണ്ടിൽ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയ ശ്രീ.പവിത്രൻ, കാട്ടാളം എന്നയാൾ വീടിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ലാത്തതിനാൽ അഡ്വാൻസായി ലഭിച്ച തുകയും പലിശയുമുൾപ്പെടെ 38,700/--രൂപ തിരിച്ചടച്ചത് തനത്ഫണ്ടിൽ അവശേഷിക്കുന്നു. നിലവിൽ ഇ.എം.എസ് ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാലും, ലോൺ തിരിച്ചടവ് വികസനഫണ്ടിൽ നിന്നുള്ള ചെലവായതിനാലും ടി തുക നിശ്ചിത ഹെഡ്ഡിൽ

സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

# 3-4 എം.ജി.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളികൾക്ക് ഇൻഷുറൻസ്-പദ്ധതി നടപ്പിലാക്കിയില്ല- ഈടാക്കിയ തുക തിരികെ നൽകാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ആം ആദ്മി ഭീമ യോജന ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുന്നതിനായി 2013-14 വർഷം ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലെ 106 തൊഴിലാളികളിൽ നിന്നും 140/-രൂപ വീതം ആകെ 14,840/-രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കിയിരുന്നു. എന്നാൽ ടി ഇൻഷുറൻസ് പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 14,840/-രൂപ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല

സ.ഉ.(അ)നം.152/14 ധന തീയതി 29.04.2014 ഉത്തരവ് പ്രകാരം 1.4.2013ന ശേഷം സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാനശമ്പളവും ഡി.എ.യും ചേർന്ന തുകയുടെ 10%നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കേണ്ടതും സേവനദാതാവ് തത്തുല്യമായ വിഹിതവും ചേർത്ത് പെൻഷൻ ഫണ്ടിലേയ്ക്ക് ഈ തുക ഒടുക്കേണ്ടതുമാണ്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിൽ NPS പരിധിയിൽ വരുന്നതും PRAN ലഭിച്ചിട്ടുള്ളതുമായ ശ്രീ.സിജു എന്നയാളിന്റെ ശമ്പളത്തിൽ നിന്നും 2013 ഒക്ടോബർ മാസം മുതൽ 2015 ജൂലൈ വരെ റിക്കവറി നടത്തിയതായ 35662/- PRAN അക്കൗണ്ടിൽ ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ടി തുകയും ഗ്രാമപഞ്ചായത്ത് വിഹിതവുമുൾപ്പെടുത്തി നിശ്ചിത ശീർഷകത്തിൽ പെൻഷൻ വിഹിതം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല

പ്രോജ.നം. - S036/17
ബിൽ നം.1/16-17/7.2.17 – 2,55,000
ബിൽ നം.2/16-17/15.2.17 – 1,95,000

അടങ്കൽ - 4,50000/- (റോഡിതരം)

ചെലവ് - 4,50.000/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ആയുർവ്വേദം

2016-17 സാമ്പത്തികവർഷത്തിൽ 4,50,000/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ടി തുക 11.2.17, 21.3.17 എന്നീ തീയതികളിലായി ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ട് നം.5913005900000015 ലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിൽനിന്നും 3 തവണകളായി ആകെ 2,88,618/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി നിൽക്കുന്ന 1,61,382/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. സർക്കുലർ നം. 13160/DA.1/2010 തസ്വഭവ 28.11.2010 പ്രകാരം അടയ്ക്കുന്ന തുകയ്ക്ക് 60 ദിവസത്തിനകം മരുന്ന് നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ 1,61,382 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല

പ്രോജ.നം - So55/17

അടങ്കൽ - 3,00,000/-

ചെലവ് - 2,98,926/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പിഎച്ച്സി

പാലിയേറ്റീവ് കെയർ പദ്ധതിയിലേയ്ക്ക് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുവാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് 16.2.2017 ൽ 65,600/- രൂപയും 27.3.2017 ൽ 67,990/- രൂപയും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. നാളിതുവരെയും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടില്ലാത്തതിനാൽ 1,33,590 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൈമാറിയ തുക | ഡി.ഡി.നമ്പർ | നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 103/17<br>വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 6,89,075/-<br>2,67,833/-<br>18,43,092/- | 859/31.3.17<br>871/31.3.17<br>872/31.3.17 | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ<br>കടുത്തുരുത്തി | സെക്രട്ടറി |
| 2 | 96/17<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 8,74,104/- | 755/1.3.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തലയാഴം | സെക്രട്ടറി |
| 3 | So 18/17<br>എസ് എസ് എ | 2,00,000/- | DD no 280300/29.11.16 | പ്രോജക്ട് കോ ഓർഡിനേറ്റർ, എസ്.എസ്.എ | സെക്രട്ടറി |
| 4 | 112/17<br>ഡി പി സി കെട്ടിടനിർമ്മാണ വിഹിതം | 1,55,000/- | 754/31.3.17 | ജില്ല പ്ലാനിംഗ് ഓഫീസർ, കോട്ടയം | സെക്രട്ടറി |
| 5 | So 23/17<br>പി.എം.എസ്.വൈ വിഹിതം അടവ് | 2,00,000 | അക്കൗണ്ട് ട്രാൻസ്ഫർ (സിൻഡിക്കേറ്റ് ബാങ്ക്, ഉദയനാപുരം ബ്രാഞ്ച് അക്കൗണ്ട് നം.43715) | സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ. കുടവെച്ചൂർ |
| | | 42,29,104 | | | |

ചെലവ് തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ തുകയായ 42,29,104/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല- ഭീമമായ ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക പ്രതിമാസം അടവ് വരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഏപ്രിൽ 2016-ലെ ബിൽ പ്രകാരം 1,28,188 രൂപയാണ് പ്രതിമാസ നിരക്ക്. 293 ടാപ്പുകൾ നിലവിലുള്ളതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല എന്നും, പല ടാപ്പുകളും പ്രവർത്തിക്കുന്നില്ലായെന്നും എക്സിറ്റ് മീറ്റിംഗിൽ പ്രസിഡൻറ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ജി.ഒ.(ആർ.റ്റി.) 1501/2006/LSGD/23.06.2006,ജി.ഒ.(ആർ.റ്റി.)2242/2011/LSGD/28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ കേരളാ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് വെള്ളക്കരം ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 ഇ.എം.എസ് - ഭവന പദ്ധതി - അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്

ഇ.എം.എസ് - ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് **വി.ഇ.ഒ** ആരംഭിച്ച വെച്ചൂർ പഞ്ചായത്ത് സർവീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം. 4000- ൽ 483350/- രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക പലിശ, ഗുണഭോക്താക്കൾ കൈപ്പറ്റാതെ അവശേഷിച്ച തുക എന്നീ ഇനങ്ങളിൽ ഉൾപ്പെടുന്നവയാണ്. പ്രോജക്ട് നം. S026/17 പ്രകാരം ഇ.എം.എസ് ഭവന പദ്ധതി വായ്പാ തുക (1143000/- രൂപ), പദ്ധതി വിഹിതം ഉപയോഗിച്ച് തിരികെ അടച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിൽ പരിശീലന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് സോളിഡ് ബ്ലോക്ക് നിർമാണത്തിൽ പരിശീലനം നൽകുന്നതിനായി വൌച്ചർ നം. 21600465/20.10.2016 പ്രകാരം 18420/- രൂപ ചിലവഴിച്ചിട്ടുണ്ട്. 09/2016 - ൽ പരിശീലനം നൽകിയെങ്കിലും സോളിഡ് ബ്ലോക്ക് നിർമിച്ച് ഉപയോഗിക്കുന്ന പദ്ധതികൾ നാളിതുവരെ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് **(02/2016-17)** നൽകിയ മറുപടിയിൽ ഇതു സംബന്ധിച്ച ഡാറ്റ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് സോളിഡ് ബ്ലോക്ക് നിർമിച്ച് ഉപയോഗിക്കുന്ന പ്രവർത്തികൾ ആവിഷ്കരിച്ച് പരിശീലന പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2016-17 | 1,00,000/- | പാലിയേറ്റീവ് കെയർ | 1,00,000/ | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ടി | 2016-17 | 50,000/- | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50,000/ | |
| ,, | ,, | 13,00,000/- | നെൽകൃഷി വികസനം | 13,00,000/- | - |
| ,, | ,, | 1,00,000/- | പച്ചക്കറി വികസനം | 1,00,000/- | - |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 859/31.3.17<br>871/31.3.17<br>872/31.3.17 | 6,89,075/-<br>2,67,833/<br>18,43,092/- | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 755/1.3.17 | 874104/- | | |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | G.O (MS) 496/2010/LSGD/ 15.02.10 | 1,14,30,000 | 17,06,355 | 17,06,355 | | ഇല്ല |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖ.X-13 6.5.2001ലെ സ്പെഷ്യൽ ലെറ്റർ രസീതുബുക്കിലെ തീയതി തിരുത്തി താത്കാലിക പണാപഹരണം.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,03,23,790 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,95,90,971 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,52,40,761 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,61,382 | ഡോ.ധന്യ രവി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-7 | 1,33,590 | ഡോ.ജയന്തി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 2,00,000 | ശ്രീ.എം.പി.ചന്ദ്രഭാന, അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് |
| | 38,29,104 | ശ്രീമതി ഷേർളി ഗോപാൽ, സെക്രട്ടറി |
| | 2,00,000 | ശ്രീമതി ആശാ ശ്രീധരൻ, വി.ഇ.ഒ. |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി5/562/00/8.6.04/3.9.04 | 2 |
| 1998-99 ചെലവ് | കെ.എസ്.എ-കെ.ടി.എം പി6/1668/15/12.5.16 | 4 |
| 00-01, 01-02 പ്ലാൻ | കെ.എസ്.എ-കെ.ടി.എംപി6/552/15/4.1.16 | 5 |
| 02-03 വരവ് | എൽ.എഫ്.കെ.പി.7/1397/07/24.3.08/7.5.08 | 3 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി6/417/15/4.1.16 | 5 |
| 03-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി6/418/15/4.1.16 | 8 |
| 03-04 വരവ് | എൽ.എഫ്.കെ.പി.6/558/07/15.5.08/30.7.08 | 7 |
| 04-05 | കെ.എസ്.എ-കെ.ടി.എം.പി6/419/15/4.1.16 | 3 |

| | | |
|---|---|---|
| ചെലവ് | | |
| 04-05 വരവ് | എൽ.എഫ്.കെ.പി.7/190/10/19.3.10 | 8 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി6/420/15/4.1.16 | 4 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി6/421/15/4.1.16 | 5 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി6/422/15/4.1.16 | 8 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി6/423/15/4.1.16 | 4 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി6/424/15/4.1.16 | 6 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി6/425/15/4.1.16 | 8 |
| 12-13, 13-14 | കെ.എസ്.എ-കെ.ടി.എം.പി6/1015/15/15.3.16 | 7 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി6/743/16/16.06.16 | 7 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി6/1676/16/7.11.16/29.11.16 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**കെ.എസ്.എ-കെ.ടി.എം.പി6/917/2017** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ : 0482564886**

**ഇ മെയിൽ : doktm.ksad@kerala.gov.in**

**തീയതി:19.06.17**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ** 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ** വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**